CHRISTIAN MUSICOLOGICAL SOCIETY OF INDIA

# From an Old Document of 1922 A. D. (M. E. 1099)

## കൊല്ലവർഷം 1099 (ഏ. ഡി. 1922) ലെ ഒരു പഴയ രേഖയിൽ നിന്ന്

EIFFEL BOOKS, THRISSUR. 1993

Christian Musicological Society of India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

## മുഖവുര

മേനാശ്ശേരി എരിഞ്ഞേരി കുടുംബത്തിലെ കാരണവന്മാരുടെ 49-തിലേറെ വംശങ്ങൾ വരുന്ന 70 കൊല്ലം പഴക്കം ചെന്ന ഭാഗപത്രത്തിന്റെ ഏതാനും താളുകളുടെ ശരിപ്പകർപ്പാണിതു്. തറവാട്ടിന്റെ പൊതു ഗുണത്തിലും ദൈവാനുകൂലത്തിലും ആത്മരക്ഷയിലും അവർക്കുണ്ടായിരുന്ന ഉൽക്കടമായ താല്പര്യം മനസ്സിലാക്കാൻ ഇതുപകരിക്കുമെന്നു് പ്രതീക്ഷിക്കുന്നു. ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയുമായ അവരുടെ പാത പിഞ്ചെല്ലാൻ ഇതു് പിൻതലമുറക്കാരെ ശക്തരാക്കട്ടെ !

ആധാരത്തിലെ മലയാളം അക്കങ്ങൾ ഇവിടെ ഇംഗ്ലീഷാക്കിയിട്ടുണ്ടു്. ഇപ്പോൾ പ്രചാരത്തിലില്ലാത്ത ഏതാനും അക്ഷരങ്ങളും രീതികളും പുതുക്കാനും ശ്രമിച്ചിട്ടുണ്ടു്.

— **പ്രൊഫ. ജോർജ് മേനാശ്ശേരി**
എഡിറ്റർ

പടിഞ്ഞാറെ അങ്ങാടി, ഒല്ലൂർ
1169 തുലാം 19 നു് / 1993 നവം. 14 നു്

Christian Musicological Society of India

# 1099 - ൽ നമ്പ്ര് 354

തൃശ്ശിവപേരൂർ താലൂക്ക് ഒല്ലൂര് വില്ലേജ് ഒല്ലൂരങ്ങാടിയിൽ മേനാശ്ശേരി എരിഞ്ഞേരി നസ്രാണി മരിച്ച ലോനപ്പൻ മക്കൾ 59 വയസ്സ് കണ്ട്രാക്ടർ ഔസേപ്പും 50 വയസ്സ് കണ്ട്രാക്ടർ പാലുവും 47 വയസ്സ് വൈദികവൃത്തി യാക്കോബ് കത്തനാരും 44 വയസ്സ് കണ്ട്രാക്ടർ പറഞ്ചുവും 41 വയസ്സ് കണ്ട്രാക്ടർ തോമയും 56 വയസ്സ് വീട്ടുകാര്യം മറിയവും 52 വയസ്സ് വീട്ടുകാര്യം ലൂസിയയും ഒന്നാം നമ്പ്രുകാരന്റെ മകൻ 29 വയസ്സ് കണ്ട്രാക്ടർ ലോനപ്പനും കൂടി എഴുതിവച്ച ഭാഗപത്രം.

* * * * * * *

തറവാട്ടിന്റെ പൊതു ഗുണത്തിനും ദൈവാനുകൂലത്തിനും ആത്മരക്ഷയ്ക്കുമായി താഴെ എ. പട്ടികയിൽ ചേർക്കുന്ന ദാന ധർമ്മങ്ങൾ മുമ്പുവച്ചുപോയിട്ടുണ്ടെങ്കിലും ഇപ്പോൾ 1100 ഉറുപ്പികയുടെ മുതൽ താഴെ പറയുന്ന ദൈവീക ആവശ്യങ്ങളിലേയ്ക്കായി നീക്കിവച്ചിരിക്കുന്നു. അതിൽ എണ്ണൂറു ഉറുപ്പിക ഒല്ലൂർ പള്ളിയിൽ കപ്പേളയിൽ വിശുദ്ധ കുർബാനയുടെ തിരുമുമ്പിൽ രണ്ടു കെടാവിളക്കു പതിവായി നാം കത്തിച്ചു വരാറുള്ളത് മുടങ്ങാതെ നിലനിറുത്തി കൊണ്ടുപോരുന്നതിനും ബാക്കി മൂന്നൂറു ഉറുപ്പിക പടിഞ്ഞാറെ അങ്ങാടിയിലുള്ള നമ്മുടെ പ്രാർത്ഥനാലയത്തിൽ ആണ്ടിലൊരിക്കൽ നടത്തുന്ന കുർബാന മുതലായ തിരുകർമ്മങ്ങളുടെ ചിലവിനും ടി. പ്രാർത്ഥനാലയത്തിൽ നടത്താറുള്ള വിശുദ്ധ ഔസേപ്പു പുണ്യ പിതാവിന്റെ വണക്കമാസാവസാന കാലത്തു നാം പായസം ദാനം ചെയ്യാറുള്ള പതിവു പ്രകാരം ചെയ്തുപോരുന്നതിനും ആദായം എടുക്കേണ്ടതിനായി പള്ളിയിലും പ്രാർത്ഥനാലയം യോഗത്തിലും ഏല്പിക്കേണ്ടതാകുന്നു.

* * * * * * *

| | | | | | |
|---|---|---|---|---|---|
| 42 | ഒക്ടോബർ 20_ാം നു- ക്ക ശേഷം തിരുന്നാൾ ദിവസമായ 24_ാം നു- ക്ക മുമ്പായി ശുദ്ധ റപ്പായേൽ മാലാഖയുടെ തിരുനാളവസരത്തിൽ ഒററ പാട്ടു കുർബാനയ്ക്കു. | | 125 | 0 | 0 |
| 43 | ജനവരി 20_ാം നു- ക്ക ശേഷം തിരുനാൾ ദിവസമായ 28_ാം നു- ക്ക മുമ്പ് പരിശുദ്ധ സെബസ്ത്യാനോസ് പുണ്യവാൻെറ തിരുനാൾ ദിവസങ്ങളിൽ ഒരു ദിവസം ഒററ പാട്ടു കുർബാനയ്ക്കു വച്ച വക. | | 125 | 0 | 0 |
| 44 | മാർച്ച് മാസത്തിൻെറ പരിശുദ്ധ ഔസേപ്പ് പുണ്യപിതാവിൻെറ വണക്കമാസ ദിവസങ്ങളിൽ ഏതെങ്കിലും ഒരു ദിവസം ഒരു പാട്ടു കുർബാനയ്ക്കു. | | 125 | 0 | 0 |
| 45 | മെയ് മാസത്തിൽ പരിശുദ്ധ കന്യാസ്ത്രീ മാതാവിൻെറ വണക്കമാസത്തിൽ ഒരു ദിവസം ഒരു പാട്ടു കുർബാനയ്ക്കു. | | 125 | 0 | 0 |
| 46 | ജൂൺ മാസത്തിൽ ഈശോയുടെ വണക്കമാസ കാലത്തെ ഒരു ദിവസം ഒററ പാട്ടു കുർബാനയ്ക്കു. | | 125 | 0 | 0 |
| 47 | അമ്പത് നൊയ്മ്പിൽ വെള്ളിയാഴ്ചകളിൽ ഒന്നിൽ പരിശുദ്ധ അമ്മ വ്യാകുല മാതാവിൻെറ സ്തുതിക്കായി ഒററ കുർബാന പാട്ടുകുർബാനയ്ക്കു | | 125 | 0 | 0 |
| 48 | മേൽപറഞ്ഞ അട്ടിപ്പേറാധാരത്തിൽ പെട്ട വഹകളുടെ പാട്ട ബാക്കി ഒല്ലൂർ പള്ളിക്ക ദാനം കൊടുത്തു ഏല്പിച്ച വക. | 131 | 14 | 0 | 0 |

* * * * * * *

Christian Musicological Society of India

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



എന്നു് 1098_ാം മാണ്ടു് എടവമാസം 18 നു് തൃശ്ശിവപേരൂർ ചിരിയങ്കണ്ടത്തു് പൈലോതു് കുഞ്ഞുവറിയതു് കയ്യെഴുത്തു്.

* * * * * * *

ഔസേപ്പു് (ഒപ്പു്) പാലു (ഒപ്പു്) യാക്കോബ കത്തനാർ (ഒപ്പു്) പറഞ്ചു (ഒപ്പു്) തോമ (ഒപ്പു്) മറിയം (ഒപ്പു്) ലൂസിയ (ഒപ്പു്) ലോനപ്പൻ (ഒപ്പു്) (സാക്ഷികരം) 1) പുത്തൂരു് കോരതു് ജോർജ്ജ് (ഒപ്പു്) 2) കാട്ടൂകാരൻ പൈലോതു് (ഒപ്പു്) 3) ഔസേപ്പു് (ഒപ്പു്) 4) ഔസേപ്പു് (ഒപ്പു്) 5) വാറു (ഒപ്പു്) മുദ്രകട തസ്സ 111 വില ക 2 രൂപാ ഒല്ലൂരു് എരിഞ്ഞേരി തോമക്കു 1098 വൃശ്ചികം 16 ന 337_ാം നമ്പ്ര് വെണ്ടർ ലോനപ്പൻ (ഒപ്പു്)
(Signed) Divan Peshkar 3–12–98

1099 കന്നി 13 നു- പകൽ 5$\frac{1}{4}$ മണിക്കു ഒല്ലൂരങ്ങാടിയിൽ മേനാശ്ശേരി എരിഞ്ഞേരി എന്ന വാസസ്ഥലത്തു് വെച്ചു തൃശ്ശിവപേരൂർ ഡി റജിസ്ട്രാർ മുമ്പാകെ ഹാജരാക്കി സമ്മതിച്ചു. 1_ാം നമ്പ്ര് ബുക്കു് 447_ാം വാളിയം 459 മുതൽ 492 വരെ ഭാഗങ്ങളിൽ 354_ാം നമ്പ്രായി രജിസ്ട്രർ ചെയ്തു.

49_ാം മത്തേയും ഒട്ടവിലത്തേയും ആയ കടലാസ്സു് ഒപ്പു് ഡി റജിസ്ട്രാർ (മുദ്ര) a വെട്ടു 18 b തിരുത്ത 11 c നന്നാക്കൽ 1 പകർത്തി ഗ്ഗ വൈദ്യനാഥയ്യർ ഒപ്പു് ഒത്തു ഗ്ഗ ഗോവിന്ദമാരാർ ഒപ്പു് വായിച്ചു ഗ്ഗ സുബ്രഹ്മണ്യയ്യൻ ഒപ്പു് ഒപ്പു് റജിസ്ട്രാർ.

---

ദാന ധർമ്മാദികൾക്കും തിരുക്കർമ്മങ്ങൾക്കുമായി ശരാശരി ഒരു നൂററാണ്ടു മുമ്പു് ഒരു കുടുംബം ചിലവഴിച്ച സംഖ്യക്കു് 15% പലിശ കണക്കാക്കിയാൽ ഇന്നതു് 425,13,95,584ക. (നാന്നൂററി ഇരുത്തഞ്ചുകോടി പതിമൂന്നലക്ഷത്തി തൊണ്ണൂററയ്യായിരത്തി അഞ്ഞൂററെൺപത്തിനാലു രൂപ) ആകുമെന്നു് ഒരു ധനകാര്യ വിദഗ്ദൻ നിറുപ്പാക്കോരാനേന്റാനു!

— എഡി.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS